# എസ്.എസ്.എൽ.സി. പരീക്ഷാഫലവും കുറേ അപ്രിയസത്യങ്ങളും

**ബിന്ദു.**

എസ്.എസ്.എൽ.സി. പരീക്ഷാഫലം വീണ്ടും വന്നിരിക്കുന്നു. പതിവു പോലെ പേപ്പർ റിപ്പോർട്ടുകൾ: 'റാങ്കുകൾ അധികവും പെൺകുട്ടികൾക്ക്'. ഇതു കേട്ടാൽ തോന്നും എസ്.എസ്.എൽ.സിയ്ക്ക് പെൺകുട്ടികളും ആൺകുട്ടികളും തമ്മിലാണ് മത്സരം എന്ന്. ഒരു ഇന്ത്യാ - പാകിസ്ഥാൻ ക്രിക്കറ്റ് മത്സരം പോലെ മാധ്യമങ്ങൾ ഒരു ബദ്ധശത്രുത്ര ഉണ്ടാക്കിയെടുക്കുന്നു. ഈ റിപ്പോർട്ടിംഗ് രീതി പ്രീഡിഗ്രി, എൻട്രൻസ് തുടങ്ങിയ പരീക്ഷകളിലേക്കും നീളുന്നു.

ആണുങ്ങളും പെണ്ണുങ്ങളും തമ്മിൽ എല്ലായിടത്തും ഉള്ളത്ര മത്സരം തീർച്ചയായും എസ്.എസ്.എൽ.സി പരീക്ഷയിലും ഉണ്ട്. പക്ഷെ, തീർച്ചയായും ഒരു പെൺകുട്ടിയും പരീക്ഷയെഴുതുന്നത് 'ആണുങ്ങളെ വെട്ടിക്കണം' എന്ന് ബോധപൂർവം ചിന്തിച്ചിട്ടില്ല. അതേ പോലെ തന്നെ ഒരു ആൺകുട്ടിയും 'പെണ്ണുങ്ങളെ ഒന്നൊതുക്കണമെടാ' എന്ന ചിന്തയിലല്ല പരീക്ഷയെ അഭിമുഖീകരിക്കുന്നത്. പിന്നെ, മത്സരത്തിൽ ഏർപ്പെടുന്നവർ അനുഭവിക്കാത്ത ഒരു ശത്രുത എന്തിനാണ് മാധ്യമങ്ങൾ ഉണ്ടാക്കുന്നത്.




എസ്.എസ്.എൽ.സിക്കും പ്രീഡിഗ്രിക്കും ശേഷം പ്രസിദ്ധീകരിക്കുന്ന എൻട്രൻസ് പരീക്ഷാഫലം പുറത്തു വന്നു. ഈ റിപ്പോർട്ടിംഗിന്റെ ഒരു പ്രധാന ഫലം അറിയാം. ആദ്യത്തെ രണ്ട് പരീക്ഷകളിലും മിക്കവാറും റാങ്കുകൾ പെൺകുട്ടികൾക്കാവും. എൻട്രൻസിൽ നേരെ തിരിച്ചും. പൊതുജനം തീർച്ചയായും ഈ അർത്ഥത്തിലുള്ള ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യും. അതായത് പുസ്തകപ്പുഴുക്കളായ ബുദ്ധിശൂന്യകളായി പെൺകുട്ടികളെ ചിത്രീകരിക്കാനുള്ള വേദിയാണ് റാങ്ക് ചർച്ച. കാര്യത്തോടടുക്കുമ്പോൾ മനഃപാഠം പഠിത്തക്കാരായ പെൺകുട്ടികൾക്ക് കർമശേഷി തെളിയിക്കാൻ കഴിയില്ല എന്നല്ലേ ഉണ്ടാക്കിയെടുക്കുന്ന ഈ മത്സരത്തിന്റെ കഥയുടെ പിന്നിൽ ഉള്ളത്?

തീർച്ചയായും പെൺകുട്ടികളും ആൺകുട്ടികളും പഠിക്കുന്ന വഴിക്ക് ചില വ്യത്യാസങ്ങൾ ഉണ്ടെന്ന് തോന്നുന്നു. ഈ വ്യത്യാസം 'സ്വാഭാവികമാണ്' എന്നോ, പെണ്ണുങ്ങളുടെ ബുദ്ധിശൂന്യതയാണ് ഇതിനു കാരണം എന്നോ ഇതെഴുതുന്നവർ ചിന്തിക്കുന്നില്ല. കാരണം, സാധാരണ പാറ്റേണിൽ നിന്നും വ്യത്യസ്തരായി പഠിക്കുന്ന പെൺകുട്ടികളെയും ആൺകുട്ടികളെയും കാണാൻ കഴിയും. ഈ വ്യത്യാസങ്ങളിൽ ഏറ്റവും പ്രധാനം ലോകവിവരം ലഭിക്കാനുള്ള രണ്ടു പേരുടെയും സാധ്യതകൾ ആണ്. പെൺകുട്ടിക്ക് പലപ്പോഴും പാഠപുസ്തകങ്ങൾ തന്നെയാണ് ശരണം. ആൺകുട്ടി ലൈബ്രറി തൊട്ട് കവല വരെ എവിടെയും എത്തും. ഇവിടെ ആരും തന്നെ വളരെ വ്യക്തമായി പെൺകുട്ടിക്ക് നേരെ പുറം ലോകത്തിന്റെ വാതിൽ കൊട്ടിയടക്കുന്നില്ല. എന്നാൽ, ശാന്തമായും പെണ്ണിന് കൃത്യമായി മനസിലാവുന്ന വിധത്തിലും പുറംലോകത്തെ അവൾക്ക് അപകടകരം അല്ലെങ്കിൽ അസ്വാസ്ഥ്യമുളവാക്കുന്നതാക്കി മാറ്റുന്നു. എന്നു മാത്രമല്ല, അകത്തെ ലോകമാണ് നിന്റേത് എന്ന ചിന്തയും കുട്ടിക്കാലം തൊട്ടേ പെൺകുട്ടികൾക്ക് കൊടുക്കുന്നു. തീർച്ചയായും അവൾ രാഷ്ട്രീയത്തെക്കാൾ ഇഷ്ടപ്പെടുന്നത്

(ശേഷം അഞ്ചാം പേജിൽ)

# എസ്. എസ്എൽ. സി. പരീക്ഷാഫലം

(ഒന്നാം പേജ് തുടർച്ച)

‘മംഗളം’ വാരികയിലെ നായികയുടെ സ്വപ്നങ്ങൾക്ക് എന്തു സംഭവിച്ചു എന്നറിയാനാണ്; കാരണം അവളുടെ ജീവിതവുമായി കൂടുതൽ ബന്ധം ‘മംഗള’ത്തിനു തന്നെയാണ്. അനുസരണ ശീലം പണ്ടുതൊട്ടേ പഠിച്ചുവച്ചതിനാൽ സ്വന്തമായി പ്രശ്ന വിശകലനം ചെയ്യുന്നതിനേക്കാൾ നല്ലത് പുസ്തകങ്ങൾ മനഃപാഠമാക്കുന്നതാണ് എന്നവർ സ്വയം പറയുന്നു. കാരണം, സ്വയം ചെയ്യുന്നതിൽ ഒരു ധിക്കാരവും, ധൈര്യവും ഉണ്ട്. അതാണ് പെൺകുട്ടികളിൽ നിന്ന് ഈ സമൂഹം നിരന്തരം എടുത്തുകളയുന്നതും. പെൺകുട്ടികൾ മണ്ടികളല്ല. നിങ്ങൾക്ക് വേണ്ടത് തന്നെയാണ് അവർ തരുന്നത്. ഒരല്പം സ്മാർട്ട്നെസ്, ചെറിയ മിടുക്കുകൾ ഒന്നും പരിധി വിടാതെ അവർ നോക്കിക്കൊള്ളും. ‘മരമണ്ടികളും’ മനഃപാഠപഠിത്തക്കാരുമായ കേരളത്തിലെ പെൺകുട്ടികൾ ഇവിടെ ജീവിക്കാൻ പഠിച്ചവരാണ്. അവർക്കറിയാം അതിമിടുക്കികൾക്ക് ഇവിടെ സ്ഥാനം ഇല്ലെന്ന്!

ഇതിനിടയിൽ എല്ലാവരും മറന്നുപോകുന്നവർ- മറക്കാൻ ആഗ്രഹിക്കുന്നവർ. ഇംഗ്ലീഷ് മീഡിയവും അടിപൊളി യൂണിഫോമും സ്വപ്നം കാണാൻ കഴിയാത്ത പത്താം ക്ലാസിന്റെ കടമ്പയിൽ തട്ടി പുറകോട്ടു മറിഞ്ഞ പരാജിതർ. അവരിൽ എത്ര പെൺകുട്ടികൾ ഉണ്ട് എന്നു ആരും അന്വേഷിക്കാത്തതെന്തേ? അവരുടെ ജാതി ചോദിക്കാൻ ആരും ധൈര്യപ്പെടാത്തതെന്തേ? മിടുക്കികളുടെയും മിടുക്കന്മാരുടേയും ജാഥകൾക്കിടയിൽ ഈ മരമണ്ടികളുടെ (മണ്ടന്മാരുടേയും) അപസ്വരം. ശരി! അല്ലേ? കേരളത്തിലെ ആദിവാസി/ ദളിത് വിഭാഗങ്ങളിൽ എസ്.എസ്.എൽ.സി. വരെ എത്തിയവർ എത്ര? എത്ര പേരാണ് പരീക്ഷ പാസാവുന്നത്? തോൽക്കണമെങ്കിൽ അതിന്റെ സാമൂഹ്യകാരണങ്ങൾ എന്തൊക്കെ? ഇങ്ങനെയൊന്നും ഒരു പത്രം പോലും ചോദിക്കാറില്ല. കാരണം ഉത്തരങ്ങൾ അപ്രിയങ്ങളാണ്. ഇംഗ്ലീഷ് അറിയാത്തവർ പഠിപ്പിക്കുന്ന ഇംഗ്ലീഷ് ആണ് കുട്ടികൾ പരീക്ഷക്കെഴുതുന്നത് എന്നും, ഉച്ചക്കഞ്ഞി കുടിക്കാതെയാണ് പലരും ക്ലാസിൽ ഇരിക്കുന്നത് എന്നും അങ്ങനെ മണ്ടത്തരത്തിന് നൂറു നൂറു ചെറിയ ഉത്തരങ്ങൾ. ഇതു കേൾക്കാൻ തുടങ്ങിയാൽ പിന്നെ നമ്മളുടെ വിജയശ്രീലാളിതരായ മക്കളുടെ ബുദ്ധികൂർമതയിൽ നമുക്ക് വെറുതെയങ്ങ് അഭിമാനിക്കാൻ കഴിയില്ലല്ലോ?